KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur -4**
**(Affiliated to C.I.T.U.R. No. K. 1128)**
**E-mail:ksfeacitu@yahoo.co.in) Web : www.ksfesa.com**

***President***
**A. K. Balan MLA**
**Mob : 9846361111**

***General Secretary***
**S. Muraleekrishnapillai**
**Mob : 9446538432**

**സർക്കുലർ 19/2016**

സഖാക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന നേതൃസംഗമം 14.08.2016 (ഞായർ) രാവിലെ 10 മണിക്ക് CPM തൃശ്ശൂർ DC ഹാളിൽ (സ: അഴീക്കോടൻ രാഘവൻ സ്മാരക മന്ദിരം) ചേർന്നു. പ്രസ്തുത നേതൃസംഗമത്തിൽ വച്ച് കേരളത്തിന്റെ നിയമ സാംസ്കാരിക പട്ടികജാതി/പട്ടികക്ഷേമ വകുപ്പ് മന്ത്രിയായി ചുമതലയേറ്റ നമ്മുടെ പ്രസിഡന്റ് സ: എ. കെ. ബാലന് സ്വീകരണം നൽകി. സ്വീകരണ സമ്മേളനം സിപിഐ(എം) തൃശ്ശൂർ ജില്ലാ സെക്രട്ടറിയും മുൻ നിയമസഭാ സ്പീക്കറുമായ സ: കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സ: കെ. രാധാകൃഷ്ണൻ സ: എ. കെ. ബാലനെ ഷാൾ അണിയിച്ചു. തുടർന്ന് സംഘടനയുടെ ഉപഹാരം സ: എ. കെ. ബാലന് നൽകി. സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി സ: എസ്. മുരളീകൃഷ്ണപിള്ള, സ്റ്റാഫ് അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറിയും ഓഫീസേഴ്സ് യൂണിയൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റുമായ സ: ടി. എൻ. വേണുഗോപാൽ എന്നിവർ സഖാവിനെ ഷാൾ അണിയിച്ച് സ്വീകരിച്ചു.

സ്വീകരണത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് സംഘടനയുടെ സംസ്ഥാന നേതൃസംഗമം സഖാവ് എ. കെ. ബാലൻ ഉദ്ഘാടനം ചെയ്തു. ലോകം സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് കൂപ്പുകുത്തുമ്പോഴും ബദൽ സംവിധാനമൊരുക്കി കേരളം എൽ.ഡി.എഫ്. സർക്കാരിന് കീഴിൽ സമൃദ്ധിയുള്ള നാടായി മാറുമെന്ന് സഖാവ് പറഞ്ഞു. വികസനത്തിന് പണം തടസമാകരുതെന്നാണ് സർക്കാർ നയം. ഞാൻ കെ.എസ്.എഫ്ഇയിലെ ഒരു കുടുംബാംഗമാണെന്നും സ്ഥാപനത്തിന്റെ ജീവനക്കാരുടെയും പ്രശ്നങ്ങൾക്ക് എൽ.ഡി.എഫ്. സർക്കാർ ന്യായമായ പരിഹാരം ഉറപ്പുവരുത്തുമെന്നും കഴിഞ്ഞ യുഡിഎഫ് സർക്കാർ അട്ടിമറിച്ച ശമ്പളപരിഷ്ക്കരണം എത്രയും വേഗം നടപ്പിലാക്കുമെന്നും സഖാവ് ഉറപ്പ് നൽകി.

ഓഹരി വില്പനയിലൂടെ രാജ്യത്തെ 74 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കാനുള്ള നീതി അയോഗിന്റെ ശുപാർശകൾ ആശങ്കയുളവാക്കുന്നതാണ്, 2016–17–ൽ ഓഹരി വിൽപ്പനയിലൂടെ 56,000 കോടി സ്വരൂപിക്കാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. തന്ത്രപ്രധാന മേഖലകളായ പ്രതിരോധം, കൽക്കരി, പെട്രോളിയം, ഊർജ്ജം, ടെലികോം, വ്യോമയാനം, ഇൻഷുറൻസ്, ബാങ്കിംഗ്, പെൻഷൻ ഫണ്ട്, റെയിൽവേ, ചെറുകിട വ്യാപാരം, ഔഷധനിർമ്മാണം എന്നിവിടങ്ങളിൽ ആശങ്കാജനകമായ രീതിയിൽ രാജ്യ താത്പര്യങ്ങളെ ഹനിക്കുന്ന തരത്തിലുള്ള 100 ശതമാനം വിദേശ നിക്ഷേപം അനുവദിയ്ക്കാനുള്ള ദേശദ്രോഹ നടപടികൾക്കെതിരെ രാജ്യത്തെ തൊഴിലാളിവർഗ്ഗം നടത്തുന്ന ശക്തമായ ചെറുത്തുനിൽപ്പു സമരമാണ് 2016 സെപ്റ്റംബർ 2–ന്റെ ദേശീയ പണിമുടക്ക്. വിലക്കയറ്റം നിയന്ത്രിക്കുക, ബോണസ് പരിധി ഉപേക്ഷിക്കുക. പൊതുമേഖലകൾ സംരക്ഷിക്കുക എന്നിങ്ങനെയുള്ള 12 ഇന മുദ്രാവാക്യങ്ങൾ ഉയർത്തി നടത്തുന്ന പണിമുടക്ക് തൊഴിലാളിവർഗ്ഗ സമരചരിത്രത്തിൽ പുതിയ അധ്യായം എഴുതിച്ചേർക്കുമെന്നും സഖാവ് അഭിപ്രായപ്പെട്ടു. യോഗത്തിന് സഖാവ് എസ്. ശിവദാസൻ കൃതജ്ഞത രേഖപ്പെടുത്തി. വൈസ്

പ്രസിഡന്റ് സ: ടി. സി രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. തുടർന്നു നടന്ന സംസ്ഥാന കമ്മറ്റിയോഗം താഴെ കൊടുക്കുന്ന തീരുമാനങ്ങളെടുത്തു.

**സംഘടനയുടെ 28-ാം സംസ്ഥാന സമ്മേളനം**

സംഘടനയുടെ 28-ാം സംസ്ഥാന സമ്മേളനം 2016 നവംബർ 19, 20 തീയതികളിൽ കണ്ണൂർ നവനീതം ആഡിറ്റോറിയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു. അതിനു മുന്നോടിയായുള്ള ജില്ലാ സമ്മേളനങ്ങൾ താഴെ കൊടുക്കുന്ന രീതിയിൽ നടത്താൻ തീരുമാനിച്ചു.

| തീയതി | ജില്ലാ സമ്മേളനങ്ങൾ |
|---|---|
| ഒക്ടോബർ -2 | പത്തനംതിട്ട, ആലപ്പുഴ, എറണാകുളം |
| ഒക്ടോബർ-8 | കണ്ണൂർ |
| ഒക്ടോബർ-9 | ഇടുക്കി, കോഴിക്കോട് |
| ഒക്ടോബർ-16 | തിരുവനന്തപുരം, പാലക്കാട്, വയനാട് |
| ഒക്ടോബർ-23 | മലപ്പുറം, കൊല്ലം, തൃശ്ശൂർ |
| നവംബർ-6 | കോട്ടയം |

ജില്ലാ കമ്മിറ്റിയോഗങ്ങൾ ചേർന്ന് യൂണിറ്റ് സമ്മേളനങ്ങൾ ആഗസ്റ്റ് അവസാനവാരം മുതൽ ക്രമീകരിയ്ക്കേണ്ടതാണ്. സമ്മേളനങ്ങളിൽ അംഗങ്ങളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

2. **സെപ്റ്റംബർ 2 ദേശീയ പണിമുടക്ക്**

എല്ലാ ജില്ലകളിലും സംയുക്ത കൺവെൻഷൻ ചേരാൻ തീരുമാനിച്ചു. യൂണിറ്റുകളിലും സംയുക്ത കൺവൻഷൻ ചേരണം.

3. **സി.ഐ.ടി.യു. സന്ദേശം, സ: പി. രാമമൂർത്തി ഫണ്ട്**

സിഐടിയു സന്ദേശത്തിന്റെ വാർഷിക വരിസംഖ്യ, സ: രാമമൂർത്തി കെട്ടിടനിർമ്മാണ ഫണ്ട് 25 രൂപാ ക്രമത്തിൽ മൊത്തം 50 രൂപ അംഗങ്ങളിൽ നിന്നും സ്വരൂപിയ്ക്കാൻ തീരുമാനിച്ചു. ആഗസ്റ്റ് മാസത്തെ ശമ്പളത്തോടൊപ്പം പ്രസ്തുത തുക അംഗങ്ങളിൽ നിന്നും ശേഖരിക്കുവാനും തീരുമാനിച്ചു.

സഖാക്കളെ,

"അഴിമതി വിരുദ്ധ മതനിരപേക്ഷ വികസിത കേരളം" എന്ന ലക്ഷ്യം സാധിതപ്രായമാക്കുന്നതിനുള്ള പക്വമായ നയപരിപാടികളോടെ കേരളത്തിലെ എൽഡിഎഫ് സർക്കാർ മുന്നോട്ട് പോകുകയാണ്. കേരളത്തിലെ സർക്കാർ ഓഫീസുകളും പൊതുമേഖല സ്ഥാപനങ്ങളും ഉൾപ്പെടുന്ന എല്ലാ സേവന തുറകളും അക്ഷരാർത്ഥത്തിൽ ജനസേവന കേന്ദ്രങ്ങളാകുമെന്ന പ്രഖ്യാപനം ആവേശത്തോടെയാണ് കേരളാ ജനത സ്വീകരിച്ചത്. കോളനിവത്കരണ കാലത്തെ മാമൂലുകൾ നിറഞ്ഞ ചട്ടങ്ങളും നിയമങ്ങളും പരിശോധിച്ച് കാലാനുസൃതമാക്കുന്നതിന് ഭരണപരിഷ്കാര കമ്മീഷനും സർക്കാർ രൂപം കൊടുത്തിരിക്കുകയാണ്.

അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും മൂലം കാലിയായ ഖജനാവിനെ ആശ്രയിച്ചാൽ കേരളത്തിലെ വികസന പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയില്ല എന്ന് തിരിച്ചറിഞ്ഞുകൊണ്ട് അടുത്ത 5 വർഷം കൊണ്ട് ഒരു ലക്ഷം കോടി രൂപ സ്വരൂപിയ്ക്കുന്നതിന് കിഫ്ബിയെ സർക്കാർ പുനഃ സംഘടിപ്പിക്കുകയും ചെയ്തിരിക്കുന്നു. മത-സാമുദാ

യിക സംഘടനകളുടെ തീട്ടൂരങ്ങൾക്ക് വഴങ്ങുകയില്ലെന്ന സന്ദേശം കേരളത്തിന്റെ മതനിര പേക്ഷതയും സാമൂദായിക സൗഹാർദ്ദവും ശക്തിപ്പെടുത്തുന്നുമെന്ന കാര്യത്തിൽ തർക്കമില്ല. ‘അഞ്ചാം മന്ത്രി ‘താക്കോൽസ്ഥാനം’ ചർച്ചകളിലൂടെ കേരളത്തിലെ മതസൗഹാർദ്ദത്തിന് കഴിഞ്ഞ സർക്കാർ ഏൽപ്പിച്ച ആഘാതം ചില്ലറയല്ല. മന്ത്രിമാരുടെ ജാതിയും മതവും ചർച്ച ചെയ്യുന്ന ദുഷിച്ച കാലഘട്ടം കേരളത്തിൽ ഇനി ആവർത്തിയ്ക്കാനും പാടില്ല.

കെ.എസ്.എഫ്.ഇ. യിൽ ബിസിനസ് വർധിച്ചു. ശാഖകളുടെ എണ്ണം വർധിച്ചു എന്നൊക്കെ പറയുമ്പോഴും ചിട്ടി കുടിശിക, ലോൺ കുടിശിക, RR കുടിശിക എന്നിവ കുമിഞ്ഞുകൂടുകയാണുണ്ടായത്. NPD മാത്രം സലയുടെ ഇരട്ടിയായിരിക്കുന്നു. വായ്പകൾ കാര്യക്ഷമമാക്കാൻ ഒരു നടപടിയും സ്വീകരിയ്ക്കാത്തതുമൂലം CD Ratio 46% ലേയ്ക്ക് കൂപ്പുകുത്തി. കഴിഞ്ഞ 5 വർഷക്കാലയളവിൽ ഒരു തവണപോലും ബിസിനസ് കമ്മിറ്റി വിളിച്ചുചേർക്കുവാൻ മാനേജ്മെന്റ് സന്നദ്ധമായില്ല. കെ.എസ്.എഫ്.ഇ.യിലെ ജനകീയ ബ്രാൻഡുകളായ പൊന്നോണ ചിട്ടിയും പ്രവാസിബന്ധു ചിട്ടിയും നിർത്തലാക്കി. ജീവനക്കാരുടെ പ്രമോഷനുകൾ മരവിപ്പിച്ചു. ഒഴിവുണ്ടായിട്ടും പുതിയ ജീവനക്കാരെ നിയമിക്കുന്നതിൽ കുറ്റകരമായ കാലതാമസം വരുത്തി. പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചിട്ട് 6 മാസം കഴിഞ്ഞാൽപോലും നിയമന ഉത്തരവ് നൽകാത്ത സ്ഥിതിയാണുണ്ടായിരുന്നത്. കേന്ദ്ര സർക്കാർ ബോണസ് ആക്റ്റ് ഭേദഗതി ചെയ്തിട്ടും, ആനുകൂല്യം വിതരണം ചെയ്യാൻ കേരളാ സർക്കാരും കെ.എസ്.എഫ്.ഇ. മാനേജ്മെന്റും തയ്യാറായില്ല. ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം അട്ടിമറിച്ചുവെന്നുമാത്രമല്ല, 23% കണ്ട് ശമ്പളം വെട്ടിക്കുറയ്ക്കാൻ നടപടിയെടുത്തു. യുഡിഎഫ് മാനേജ്മെന്റ് സ്വീകരിച്ചത്.

എന്നാൽ എൽ.ഡി.എഫ്. വന്നു കെ.എസ്.എഫ്.ഇ.യിൽ എല്ലാ ശരിയാകുകയാണ്. സ: പിണറായി വിജയന്റെ നേതൃത്വത്തിൽ സർക്കാർ അധികാരത്തിൽ വന്നു. ദിവസങ്ങൾക്കുള്ളിൽ കെ.എസ്.എഫ്.ഇ.യിലെ 211 അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ മാനേജ്മെന്റ് തടഞ്ഞ ഓഫീസ് അറ്റഡന്റ് പ്രമോഷൻ ഉത്തരവിറങ്ങി. (ലിസ്റ്റിലെ 83 പേരിൽ 51 പേർക്കും പ്രമോഷൻ നൽകി.) അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും 6 മാസങ്ങളിലായി നിയമനം കാത്തിരുന്ന 179 അസിസ്റ്റന്റുമാർക്കും 52 ഓഫീസ് അറ്റൻഡർമാർക്കും നിയമനം നൽകി. 35 പി.റ്റി.എസ്. ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകി. കഴിഞ്ഞ കാലങ്ങളിൽ വിദൂരങ്ങളിൽ നിയമിക്കപ്പെട്ട ഗർഭിണികൾ, വിധവകൾ, ഗുരുതരമായ രോഗബാധിതർ ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം പേർക്കും സൗകര്യപ്രദമായ സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചു. കഴിഞ്ഞ മാനേജ്മെന്റ് തടഞ്ഞുവച്ചിരുന്ന അസിസ്റ്റന്റ് മാനേജർ പ്രമോഷൻ ഉടൻ നടക്കുമെന്ന പ്രതീക്ഷയിലാണ് ജീവനക്കാർ.

ജീവനക്കാരുടെ ശമ്പളം ഗണ്യമായി വെട്ടിക്കുറയ്ക്കാനുള്ള കഴിഞ്ഞ യുഡിഎഫ് സർക്കാർ തീരുമാനം തള്ളിക്കളഞ്ഞുകൊണ്ട് കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കരാർ അംഗീകരിയ്ക്കാനുള്ള എൽഡിഎഫ് സർക്കാർ തീരുമാനം ശ്ലാഘനീയമാണ്. ബോണസ് ആക്ട് ഭേദഗതിയ്ക്ക് അനുരോധമായി 21,000 വരെ ശമ്പളമുള്ളവർക്ക് ബോണസ് അനുവദിയ്ക്കാനും എൽഡിഎഫ് സർക്കാർ തീരുമാനം എടുത്തുകഴിഞ്ഞു.

ഒരുലക്ഷം കോടി ടേണോവർ എന്ന ലക്ഷ്യത്തിലേയ്ക്ക് നമ്മുടെ സ്ഥാപനം കുതിയ്ക്കുകയാണ്. പൊള്ളചിട്ടികൾ നിയന്ത്രിച്ചുകൊണ്ടും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കിക്കൊണ്ടും നമ്മുടെ സ്ഥാപനത്തിന്റെ അടിത്തറ വിപുലപ്പെടണം. Cost of Fund കുറച്ചുകൊണ്ട് വായ്പാ പദ്ധതികളെ ആകർഷകമാക്കണം, കേരളത്തിന്റെ ഭൂമിശാസ്ത്ര അതിരുകൾ ഭേദിച്ച് സ്ഥാപനം വികസിക്കണം. സ്ഥാപനത്തിനെ ‘Online’ ആക്കുന്ന പ്രവർത്തനത്തിന് ഗതിവേഗം ഉണ്ടാക്കുന്നതിന് സർക്കാരും മാനേജ്മെന്റും മുഖ്യ പരിഗണന നൽകണം. ജീവനക്കാരുടെ പെൻഷൻ

വിഷയത്തിൽ ശാശ്വത പരിഹാരമുണ്ടാകണം. പൊതുമേഖലാ സംരക്ഷണം നയമായി അംഗീകരിച്ച എൽഡിഎഫ് സർക്കാരിനു കീഴിൽ നമ്മുടെ സ്ഥാപനം വികസനത്തിന്റെ പുതിയ വാതായനങ്ങൾ വെട്ടിത്തെളിയ്ക്കുവെന്ന് നമുക്ക് ന്യായമായും പ്രതീക്ഷിയ്ക്കാം.

ഏവർക്കും ഓണം, ബക്രീദ് ആശംസകൾ...

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണൻപിള്ള**

22/08/2016. ജനറൽസെക്രട്ടറി

# കേന്ദ്രസർക്കാരിന്റെ തൊഴിലാളി ദ്രോഹ ജനദ്രോഹ നയങ്ങൾക്കെതിരെ.........

# സംയുക്ത ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ

# 2016 സെപ്റ്റംബർ 02

# അഖിലേന്ത്യാ പണിമുടക്ക്

## വിജയിപ്പിക്കുക.....

Karthiayani-9349478352.